# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്(1)

**2024 ജനുവരി 23**

---

*യു3എയ്ക്ക് പുതുവത്സര സമ്മാനം*

## പ്രവാസി കുടുംബം എം.ജി സർവകലാശാലയ്ക്ക് 49 സെൻറ് സ്ഥലം സൗജന്യമായി നൽകി

പ്രവർത്തനമാരംഭിച്ച് ഒരു വർഷത്തിനുള്ളിൽ വൻ സ്വീകാര്യത നേടിയ യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിൻറെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിറ്റിന് പ്രവാസി കുടുംബത്തിൻറെ പുതുവത്സര സമ്മാനം. യു3എയുടെ പ്രവർത്തനങ്ങൾക്കായി കൈപ്പുഴ മാന്തുരുത്തിൽ മേരി ബിയാട്രിസ് മോഡിയും സഹോദര ഭാര്യ ആഗ്നസും സൗജന്യമായി 49 സെൻറ് സ്ഥലം വിട്ടു നൽകി.

യു3എയുടെ പ്രവർത്തനങ്ങളെക്കുറിച്ച് മാധ്യമങ്ങളിലുടെയും അംഗങ്ങൾ മുഖേനയും മനസിലാക്കിയാണ് ഇവർ സ്ഥലം നൽകുന്നതിന് സന്നദ്ധത അറിയിച്ചത്. കൈപ്പുഴ വില്ലേജ് ഓഫീസിന് സമീപമുള്ള 21 സെൻറ് സ്ഥലത്തിൻറെ ഉടമസ്ഥാവകാശം സർവകലാശാലയ്ക്ക് കൈമാറി ആധാരം എഴുതുകയും ഇതിനു സമീപമുള്ള 28 സെൻറ് സ്ഥലത്തിൻറെ കൈമാറ്റത്തിന് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തു.

മുതിർന്ന പൗരൻമാരുടെ ജീവിതം ആനന്ദകരവും ക്രിയാത്മകവുമാക്കാൻ ലക്ഷ്യമിടുന്ന യു3എയുടെ എം.ജി സർവകലാശാലയിലെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് തിരിച്ചറിഞ്ഞാണ് ഭൂമി നൽകിയതെന്ന് ആഗ്നസും ബിയാട്രിസും വ്യക്തമാക്കി. ജീവിതത്തിൻറെ മൂന്നാം ഘട്ടം സജീവമാക്കാൻ സഹായിക്കുന്ന സംവിധാനം മാറിയ കാലത്തിൻറെ ആവശ്യമാണെന്ന് ഇരുവരും ചൂണ്ടിക്കാട്ടി. ആഗ്നസ് കാനഡയിലും ബിയാട്രിസ് അമേരിക്കയിലും സ്ഥിരതാമസമാണ്.

സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പായാൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ യു3എയ്ക്ക് കഴിയുമെന്ന് മേരി ബിയാട്രിസിൻറെ സഹോദരൻ ജോർജ് മാന്തുരുത്തിൽ പറഞ്ഞു. സൗജന്യമായി ലഭിച്ച സ്ഥലത്ത് യു3എയ്ക്കു വേണ്ടി പ്രത്യേക കെട്ടിടവും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സർവകലാശാലാ വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ

പറഞ്ഞു.

ഈ കേന്ദ്രത്തിൽ മുതിർന്ന പൗരൻമാരുടെ അറിവും വൈദഗ്ധ്യവും സമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണത്തിനും പുനരധിവാസ സംവിധാനങ്ങൾക്കും മുൻഗണന നൽകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. യു3എയുടെ പ്രസക്തി തിരിച്ചറിഞ്ഞ് ഭൂമി വിട്ടുതന്ന ആഗ്നസിനെയും ബിയാട്രിസിനെയും വൈസ് ചാൻസലർ അഭിനന്ദിച്ചു.

യു3എയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കന്ന ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് ഇരുവരെയും ആദരിച്ചു. സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, ഡോ. റോബിനെറ്റ് ജേക്കബ്, ഡോ. ടോണി തോമസ്, ഡോ. ഗ്രേസമ്മ മാത്യു, ജേക്കബ് കുര്യാക്കോസ്, ഗ്രാമപഞ്ചായത്ത് അംഗം ലൂയി മേടയിൽ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന യു3എ രാജ്യത്താദ്യമായി സർവകലാശാലാ തലത്തിൽ പ്രവർത്തനമാരംഭിച്ചത് മഹാത്മാ ഗാന്ധി സർവകലാശാലയിലാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ എല്ലാ ജില്ലകളിലും യൂണിറ്റ് തുടങ്ങിയതിനു പുറമെ കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിനെ സമ്പൂർണ യു3എ പഞ്ചായത്തായി പ്രഖ്യാപിക്കുകഗയും ചെയ്തു. എലിക്കുളത്ത് യു3എയുടെ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശ്രീലങ്കയിലെ കൊളംബോ സർവകലാശാല എംജി സർവകലാശാലാ യു3എയുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിന് താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. സർവകലാശാലയിലെ യു3എയുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എ. ജോസ്, ഡോ. കെ.ആർ.ബൈജു എന്നിവരുടെ നേതൃത്വത്ത്വത്തിൽ പ്രത്യേക കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്.

**ഫോട്ടോ ക്യാപ്ഷൻ....**

MGU U3A 1

യു3എയ്ക്കുവേണ്ടി മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് നൽകുന്ന സ്ഥലത്തിൻറെ രേഖ മേരി ബിയാട്രിസ് മോഡി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറിന് കൈമാറുന്നു. ജേക്കബ് കുര്യാക്കോസ്, ഡോ. പി.ടി. ബാബുരാജ്, ഡോ. ടോണി തോമസ്, ഡോ. റോബിനെറ്റ് ജേക്കബ് എന്നിവർ സമീപം.

MGU U3A 2

ആഗ്നസ്, ജോർജ്, മേരി ബിയാട്രിസ് മോഡി

(പി.ആർ.ഒ/39/82/2024)

## **പ്രഫ. സാബു തോമസിൻറെ ഗവേഷക പൂർവ വിദ്യാർഥികളുടെ സംഗമം നടത്തി**

മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറും വിഖ്യാത ശാസ്ത്രജ്ഞനുമായ പ്രഫ. സാബു തോമസിൻറെ കീഴിൽ ഗവേഷണം നടത്തിയ പൂർവ വിദ്യാർഥികളുടെ സംഗമം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

പ്രഫ. സാബു തോമസ്, ഡോ. ആർ സാബു, ഡോ. കുരുവിള ജോസഫ്, ഡോ. നന്ദകുമാർ കളരിക്കൽ, പ്രഫ. അജി പി. മാത്യു, ഡോ. എം.എസ്. ശ്രീകല, ഡോ. ജാസ്മിൻ പി. ജോസ്, ഡോ. പി. അനീസ, ഡോ. ജോസ് ജെയിംസ്, ഡോ. സോണി സി. ജോർജ്, ഡോ. റൂബി എം. സാം, ഡോ. ഹന്ന മരിയ എന്നിവർ സംസാരിച്ചു. പൂർവ വിദ്യാർഥികൾ ഏർപ്പെടുത്തിയ വിവിധ പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.

**പുരസ്കാര ജേതാക്കൾ:**
ശാസ്ത്ര പ്രതിഭ പുരസ്കാരം- അഭിഷേക് എസ്. നായർ(ടി.കെ.എം. എൻജിനീയറിംഗ് കോളജ്, കൊല്ലം), തോമസ് വർഗീസ്(മാർ അത്തനേഷ്യസ് കോളജ് ഓഫ് എൻജിനിയീറിംഗ് കോതമംഗലം), അന്നു ലയ ഏബ്രഹാം ഏബ്രഹാം(ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ബാംഗ്ലൂൾ)

സ്കൂൾ തല ക്വിസ് മത്സരത്തിലെ വിജയികൾക്കുള്ള പ്രഫ. സാബു തോമസ് ആസ്പയറിംഗ് അവാർഡ്- ആൽവിൻ ബേബി, കെ.ആർ. ആഷിൻ(സെൻറ് അൽഫോൻസ പബ്ലിക് സ്കൂൾ, കുടമാളൂർ), കാതറിൻ, ശ്രേയ(സെൻറ് ജോസഫ്സ് എച്ച്.എസ്.എസ്, വിളക്കുമാടം), അമൽ ആൻറണി, അഭിനവ് ആൻറണി(ജെ.ജെ. മർഫി എച്ച്.എസ്.എസ്, ഏന്തയാർ).

മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള പുരസ്കാരം- ഡോ. ബിശ്വജിത് സമീർ ഡേ(കാനഡ), ഡോ. സംഗീത(ബാംഗ്ലൂർ) ഡോ. ഫ്രാൻസെസ്ക റൂസ(ഇറ്റലി)

മികച്ച പി.ജി. തിസീസ് അവാർഡ് - ഒ.സി. അദെകോയ അലി കോയ(ദക്ഷിണാഫ്രിക്ക), റീന ഫെർണാണ്ടസ്(ബാംഗ്ലൂർ)

മികച്ച സൈറ്റേഷൻ - കെ.പി. ജിബിൻ

പോളിമെർ സയൻസിലെ മികച്ച വിദ്യാർഥികൾ- കെ.ബി. ഷെറിൻ, രചന മരിയ കുര്യൻ

(പി.ആർ.ഒ/39/83/2024)

## <u>പ്രാക്ടിക്കൽ</u>

ഒന്നാം സെമസ്റ്റർ ബി.വോക് സസ്റ്റയിനബിൾ അഗ്രികൾച്ചർ(2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ

പരീക്ഷകൾ ഫെബ്രുവരി രണ്ടു മുതൽ പാലാ സെൻറ് തോമസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/84/2024)

**<u>പരീക്ഷാ ഫലം</u>**

രണ്ടാം സെമസ്റ്റർ എം.എസ്.സി ബോട്ടണി, എം.എസ്.സി കെമിസ്ട്രി(2022 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ് - ജൂലൈ 2023)പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ആറു വരെ ഓൺലൈനിൽ സമർപ്പിക്കാം.

........................

രണ്ടാം സെമസ്റ്റർ എം.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും - ജൂലൈ 2023)പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഏഴു വരെ ഓൺലൈനിൽ സമർപ്പിക്കാം.

..............................

രണ്ടാം സെമസ്റ്റർ എം.എസ്.സി പോളിമെർ കെമിസ്ട്രി, എം.എസ്.സി അപ്ലൈഡ് കെമിസ്ട്രി, എം.എസ്.സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, എം.എസ്.സി അനലറ്റിക്കൽ കെമിസ്ട്രി (2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും - ജൂലൈ 2023)പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി ഏഴു വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/85/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**